Draft #69 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 27-Jun-2023 02:37 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം: ഫിനാൻസ് വിഭാഗത്തിൽ അക്കൗണ്ട്സ്, ഇന്റേണൽ ഓഡിറ്റ് എന്നീ സെക്ഷനുകൾക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ തസ്തിക അനുവദിക്കൽ, തസ്തിക ക്രമീകരണം/ നാമകരണം, സ്ഥലംമാറ്റ നിയമനം - ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 7173/AD A1/2023/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 27.06.2023

---

*പരാമർശം:*-1. വൈസ് ചാൻസലറുടെ 24.06.2023തീയതിയിലെ വി.സി.702/2/109/2023 നമ്പർ കുറിപ്പ്.

2. സർവ്വകലാശാല ഉത്തരവ് നമ്പർ:11799/AD A1/2022/എം.ജി.യു.,തീയതി: 21.11.2022.
3. സർക്കുലർ നമ്പർ: Ad A1-3-246/2016,തീയതി: 31.05.2016.
4. സർവ്വകലാശാല ഉത്തരവ് നമ്പർ:7136/AD A1/2023/എം.ജി.യു.,തീയതി: 26.06.2023.

**ഉത്തരവ്**

ഫിനാൻസ് വിഭാഗത്തിലെ പ്രധാനപ്പെട്ട സെക്ഷനുകളായ അക്കൗണ്ട്സ്-3,4,5, ഇന്റേണൽ ഓഡിറ്റ്-1,2 എന്നിവ ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഫിനാൻസ്)-ന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ടി സെക്ഷനുകൾക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ മേൽനോട്ട ചുമതല നൽകുന്നത് കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമാണ് എന്നത് പരിഗണിച്ച്, താഴെപ്പറയുന്ന ക്രമീകരണങ്ങൾ സർവ്വകലാശാലയിൽ ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കികൊണ്ട് പരാമർശം (1) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. പരീക്ഷാ വിഭാഗത്തിൽ ബി.ടെക് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ 3 (പരീക്ഷ), അസിസ്റ്റന്റ് രജിസ്ട്രാർ 17 (പരീക്ഷ)എന്നി തസ്തികകളിൽ, അസിസ്റ്റന്റ് രജിസ്ട്രാർ 17 (പരീക്ഷ) തസ്തിക ഭരണ വിഭാഗത്തിലേക്ക് മാറ്റുന്നു. ടി തസ്തിക അസിസ്റ്റന്റ് രജിസ്ട്രാർ 4 (ഫിനാൻസ് ) എന്ന് നാമകരണം ചെയ്യുന്നു.
2. അസിസ്റ്റന്റ് രജിസ്ട്രാർ 17 (പരീക്ഷ) നിർവ്വഹിച്ചിരുന്ന ബി.ടെക് സെക്ഷനുകളുടെ ചുമതലകൾ അസിസ്റ്റന്റ് രജിസ്ട്രാർ 3 (പരീക്ഷ )-ക്ക് നൽകുന്നു.
3. അസിസ്റ്റന്റ് രജിസ്ട്രാർ 3(പരീക്ഷ) നിർവ്വഹിച്ചിരുന്ന CSS-1, CSS-2 എന്നി സെക്ഷനുകളുടെ ചുമതലകൾ അസിസ്റ്റന്റ് രജിസ്ട്രാർ 24 (പരീക്ഷ)-ക്ക് നൽകുന്നു.
4. പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ 22 ആയ ശ്രീ. രാജീവ് എ.,(PEN-2037)-യ്ക്ക് അക്കൗണ്ട്സ്-3,4,5, ഇന്റേണൽ ഓഡിറ്റ്-1,2, ജനറൽ ക്യാഷ് എന്നി സെക്ഷനുകളുടെയും, ഫിനാൻസ് ഓഫീസറുടെ ഓഫീസിൽ കൈകാര്യം ചെയ്യുന്ന ബഡ്ജറ്റ് സംബന്ധമായ ജോലികളുടെയും മേൽനോട്ട ചുമതല നൽകിക്കൊണ്ട് അസിസ്റ്റന്റ് രജിസ്ട്രാർ 4 (ഫിനാൻസ്) ആയി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നിയമിക്കുന്നു.

5. പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ 17 ആയ ശ്രീമതി ശ്യാമള റ്റി.വി.,(PEN-1824)-യെ അസിസ്റ്റന്റ് രജിസ്ട്രാർ 22(പരീക്ഷ) ആയി സ്ഥലംമാറ്റി നിയമിക്കുന്നു.

സ്ഥലം മാറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഐ.റ്റി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും, പ്രസ്തുത വിവരം CTC -യിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ്‌വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം പരാമർശം (4) ലെ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/പരീക്ഷ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി. സർവ്വകലാശാല
6. പി. ആർ. ഒ / എ.ഡി.സി-4/5/ഐ.ക്യു.എ.സി./ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
7. ഐ.ടി.സെൽ 1/2 / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #69 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 27-Jun-2023 02:37 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം